(സി) എല്ലാ കോളനികളിലും അങ്കണവാടി പ്രവർത്തകർ അമ്മമാരുടെ മീറ്റിംഗുകൾ വിളിച്ചുകൂട്ടി ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നു. ഭക്ഷണം കുറഞ്ഞ കുട്ടികൾക്ക് ഡബിൾ റേഷൻ നൽകുന്നതോടൊപ്പം ഡോക്ടറുടെ സേവനവും ലഭ്യമാക്കുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വിളർച്ചയുള്ള അയൺ ഗുളികകൾ വിതരണം ചെയ്യുന്നു. കൂടാതെ എല്ലാ കോളനികളിലും കുത്തിവയ്പുകളും ആരോഗ്യ ക്ലാസ്സുകളും നടത്തുന്നുണ്ട്.

നിർദ്ധനരായ വൃദ്ധജനങ്ങളുടെ ചികിത്സ

391 (1836) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വൃദ്ധജനങ്ങളുടെ ചികിത്സയും ശുശ്രൂഷയും നഗര, ഗ്രാമവ്യത്യാസമില്ലാതെ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിൽ ഇതിനായി 2013-14, 2014-15 എന്നീ വർഷങ്ങളിൽ എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ടായിരുന്നുവെന്നും, അതിൽ എന്ത് തുക ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) ഇതിനായി പഞ്ചായത്ത് തലത്തിൽ ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ ?

ഉത്തരം

(എ) വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകികൊണ്ട് സാമൂഹ്യനീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതി മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. 65 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു. കിടപ്പു രോഗികളുടെ വീടുകളിൽ എത്തി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും, തിരിച്ചു കൊണ്ടുവരുന്നതിനും സൗജന്യ ആംബുലൻസ് സേവനങ്ങൾ നൽകുന്നു. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകാൻ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കാസർകോഡ് ജില്ലയിൽ വയോമിത്രം പദ്ധതി ചെലവുകൾക്കായി 17,45,757 രൂപയും 2014-15 വർഷത്തിൽ 31-10-2014 വരെ 13,33,500 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) നിലവിൽ വയോമിത്രം പദ്ധതി പഞ്ചായത്തുതലത്തിൽ ആരംഭിച്ചിട്ടില്ല

ഹീമോഫീലിയ ധനസഹായ പദ്ധതി

392 (1837) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സാമൂഹ്യ സുരക്ഷാമിഷൻ ഹീമോഫീലിയ ധനസഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; എത്ര രോഗികൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ ;

(ബി) ധനസഹായ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പ്രസ്തുത രോഗികൾക്ക് കാരുണ്യ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) രോഗികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഹീമോഫീലിയ രോഗബാധിതർക്ക് 2014-15 സാമ്പത്തിക വർഷം മുതൽ പ്രതിമാസം 1,000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്നതിന് 4-7-2014-ൽ സ.ഉ.(എംഎസ്.)നമ്പർ 58/2014/സാ. നീ. വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതുവരെയായി 217 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങളുടെ കുറവുമൂലം ഉണ്ടാകുന്ന ഹീമോഫിലിയയും അനുബന്ധരോഗാവസ്ഥയും ഉള്ള രോഗബാധിതർക്ക് APL/BPL വ്യത്യാസമില്ലാതെ പ്രതിമാസം 1000 രൂപ ധനസഹായം അനുവദിക്കുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഹീമോഫീലിയ രോഗികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly